III. ശ്രദ്ധക്ഷണിക്കൽ

(1) വിവിധ ക്ഷേമപദ്ധതികൾക്ക് ആവശ്യമായ തുക അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: സർ, വിവിധ ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് തുക അനുവദിക്കണമെന്നുള്ള ആവശ്യമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കേരളം ലോകത്തിന് മാതൃകയായ പ്രധാനപ്പെട്ട ഒരു കാര്യം, പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് വിവിധ തരത്തിൽ നൽകിവരുന്ന സാമൂഹ്യ സുരക്ഷാ നടപടിയും, മറ്റ് ക്ഷേമപദ്ധതികളും ആവിഷ്കരിച്ചു എന്നതാണ്. സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ലക്ഷക്കണക്കിന് കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ട ജനവിഭാഗങ്ങൾക്കും വിവിധ രീതിയിലുള്ള ക്ഷേമപദ്ധതികളും അതുപോലെ പെൻഷൻ പദ്ധതികളും നടപ്പിലാക്കിവരികയാണ്. പക്ഷെ ഇപ്പോൾ കേരളത്തിലെ പാവപ്പെട്ട കർഷകത്തൊഴിലാളികൾ ഉൾപ്പെടെയുള്ള വിവിധ തലങ്ങളിലുള്ള പാവപ്പെട്ട മനുഷ്യരും ഉത്കണ്ഠയോടുകൂടിയാണ് ഈ ഗവൺമെന്റിന്റെ നിലപാട് കാണുന്നത്. രണ്ടു വർഷത്തിലധികമായി പല സ്കീമിന്റെയും ഭാഗമായിട്ട് കിട്ടേണ്ടുന്ന പെൻഷൻ പദ്ധതികളൊന്നും വിതരണം ചെയ്യപ്പെടുന്നില്ല എന്നുള്ളതിന്റെ ഫലമായി ഇവിടെ ലോകബാങ്കിന്റെയും എ.ഡി.ബി.-യുടേയും നിർദ്ദേശമനുസരിച്ച് പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് കൊടുത്തുവരുന്ന ക്ഷേമപദ്ധതികളും, ആനുകൂല്യങ്ങളും, പെൻഷനും ഉൾപ്പെടെ ഇനിയങ്ങോട്ട് ലഭിക്കാനിടയില്ലേ എന്നുള്ള ഉത്കണ്ഠ പാവപ്പെട്ട ജനവിഭാഗങ്ങളുടെയിടയിൽ നല്ലതുപോലെ ശക്തിപ്പെട്ടുവരികയാണ്. കേരളത്തിലെ ഗവൺമെന്റ് പാവപ്പെട്ട ജനങ്ങളോട് പൊതുവെ നിഷേധാത്മകമായ നിലപാടാണെടുക്കുന്നത്. ഒന്നുരണ്ടു വർഷമായി കുടിശ്ശികയായി കിടക്കുന്ന ആനുകൂല്യം പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് അടിയന്തിരമായി വിതരണം ചെയ്യാൻ വേണ്ടിയുള്ള തുക ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവദിക്കണമെന്ന് ആദ്യം തന്നെ ഞാൻ ആവശ്യപ്പെടുകയാണ്. കർഷകത്തൊഴിലാളികൾക്ക് പെൻഷനായി കിട്ടേണ്ടുന്ന 149.67 കോടി രൂപ ഇപ്പോൾ കൊടുത്തു തീർക്കാൻ ബാക്കിയാണ്. രണ്ടു വർഷക്കാലമായി പാവപ്പെട്ട കർഷകത്തൊഴിലാളികൾ വേനലിലെ വേഴാമ്പലിനെപ്പോലെ പെൻഷൻ കിട്ടുമെന്നുള്ള പ്രതീക്ഷയിൽ കാത്തിരിക്കുകയാണ്. 149.67 കോടി രൂപയാണ് കുടിശ്ശിക. യഥാർത്ഥത്തിൽ കുടിശ്ശിക അതിനേക്കാൾ കൂടുതലാണ്. 160 കോടിയോളം രൂപ കുടിശ്ശിക കൊടുക്കാൻ വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കർഷകത്തൊഴിലാളി ക്ഷേമനിധിയിൽനിന്ന് വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്നവരുടെ എണ്ണം ലക്ഷക്കണക്കിനാണ്. ഈ ആനുകൂല്യങ്ങളെല്ലാം കൊടുത്തു തീർക്കണമെങ്കിൽ നൂറു കോടി രൂപയെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേമനിധിയുടെ ഭാഗമായിട്ട് വേണം. 31-12-2003 വരെയുള്ള വിവാഹ ധനസഹായത്തിനു വേണ്ടിയിട്ട് അപേക്ഷ സമർപ്പിച്ചവർക്ക് കൊടുത്തു തീർക്കാനുള്ള സംഖ്യ 8,19,00,000 രൂപ അധികം വേണ്ടിവരും. അതിനുശേഷം ഇപ്പോൾ ആറുമാസം കഴിഞ്ഞിരിക്കുകയാണ്. കണ്ണൂർ ജില്ലയിൽ മാത്രം 5013 ആളുകൾ അപേക്ഷ സമർപ്പിച്ചു. ഇതുവരെ ആനുകൂല്യം കിട്ടിയിട്ടില്ല. കോഴിക്കോട് ജില്ലയിൽ 6680 ആളുകൾ അപേക്ഷിച്ചു. ആനുകൂല്യം ലഭിച്ചിട്ടില്ല. പാലക്കാട് 5698 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല. ഈ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി എല്ലാ ജില്ലകളിൽനിന്നുമായി പതിനായിരക്കണക്കിനാളുകൾ അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. കർഷക തൊഴിലാളികളെപ്പോലെതന്നെ സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ജനവിഭാഗങ്ങളാണ് തൊഴിലില്ലാത്ത ചെറുപ്പക്കാർ. രക്ഷിതാക്കളുടെ വരുമാനത്തിൽ ജീവിക്കുന്ന അത്തരം ആളുകൾക്ക് 2001 മുതൽ 2004 വരെ കുടിശ്ശികയായിട്ട് 148.75 കോടി രൂപയുണ്ട്. 148.75 കോടി രൂപ വിതരണം ചെയ്യാൻ സാധിക്കത്തക്ക രീതിയിലുള്ള നിലപാട് ധനകാര്യ വകുപ്പ് മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കശുവണ്ടിത്തൊഴിലാളികൾക്ക് കൊടുത്തു കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളിൽതന്നെ 177.56 ലക്ഷം രൂപ കൊടുക്കാൻ ബാക്കിയാണ്. അത് കുടിശ്ശികയായിക്കിടക്കുകയാണ്. കയർ മേഖലയിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ എന്നിവ ലഭിക്കുന്നില്ല. അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്ക് കൊടുക്കാനുള്ള പെൻഷൻ കൊടുക്കുന്നില്ല. മൽസ്യത്തൊഴിലാളി പെൻഷൻ കൊടുക്കുന്നില്ല. അവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. ക്ഷയ രോഗികൾക്കും, കുഷ്ഠരോഗികൾക്കും ഉൾപ്പെടെ കൊടുത്തു കൊണ്ടിരിക്കുന്ന ഒരു പെൻഷൻ പദ്ധതിയും കൊടുത്തു തീർക്കാൻ സാധിക്കാത്ത സ്ഥിതിയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കേരളം ഇൻഡ്യയ്ക്കും ലോകത്തിനും മാതൃകയായ രീതിയിൽ സമൂഹത്തിന്റെ പിന്നണിയിൽ കിടക്കുന്ന പാവപ്പെട്ട മനുഷ്യർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ, ക്ഷേമപദ്ധതികൾ ഇതൊക്കെയാണ് മറ്റുള്ള സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളീയ സംസ്കൃതിയെ ചൂണ്ടിക്കാണിക്കുമ്പോൾ പറയാനുള്ളത്. ഇവർക്ക് ഒന്നും, രണ്ടും വർഷത്തെ ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ട് കിടക്കുകയാണ്. ഈ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള ബോധപൂർവ്വമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നു മാത്രമല്ല ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ലോക ബാങ്കിന്റെ തന്നെ പുതിയ സാമ്പത്തികനയം അടിസ്ഥാനപ്പെടുത്തിയിട്ട് അതുപോലുള്ള പണം ചെലവഴിക്കുന്നതിനെ നിരുൽസാഹപ്പെടുത്തുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. പാവപ്പെട്ട ജനങ്ങൾ ഉൽകണ്ഠ

LIBRARY ARCHIVES Kerala Legislative Assembly

യോടുകൂടിയാണ് ഇക്കാര്യങ്ങൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നതിനുവേണ്ടി ആവശ്യമായ തുക വകയിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി പാവപ്പെട്ട ജനങ്ങളോട് കനിവ് കാണിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ ക്ഷേമ പ്രവർത്തനങ്ങളുടെ പോരായ്മകളെക്കുറിച്ച് പരാമർശിച്ചു. മുഴുവൻ പണവും മുഴുവൻ ആളുകൾക്കും കൊടുത്തിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾതന്നെ വളരെയധികം പെൻഷൻ കുടിശ്ശിക ബാക്കിയുണ്ടായിരുന്നു. വികലാംഗർക്കും, മന്ദബുദ്ധികൾക്കുമുള്ള പെൻഷൻ നാലു കോടി ആറു ലക്ഷം രൂപ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നു. വിധവാ പെൻഷനും, അഗതി പെൻഷനും കൂടി ആറര കോടി ഉറുപ്പിക ബാക്കിയുണ്ടായിരുന്നു. വാർദ്ധക്യകാല പെൻഷൻ 205 ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. കർഷകത്തൊഴിലാളി പെൻഷൻ 2090 ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. തൊഴിൽ രഹിതർക്കുള്ളത് അറുപതു കോടി അറുപതു ലക്ഷം രൂപ ബാക്കിയുണ്ടായിരുന്നു. മുൻ സർക്കാർ കുടിശ്ശികയാക്കിയ ക്ഷേമപെൻഷനുകളിൽ 6 മാസത്തെ കുടിശ്ശിക 2002-ൽ നൽകി. ശേഷിക്കുന്ന മുഴുവൻ കുടിശ്ശികയും തീർത്തു നൽകാൻ 2003 മാർച്ചിൽ ഉപധനാഭ്യർത്ഥന വഴി 96 കോടി രൂപ അനുവദിച്ചു നൽകി. 2003-04-ൽ വിവിധ സാമൂഹ്യ ക്ഷേമപെൻഷനുകൾ നൽകാൻ മാത്രം 150 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 5.4 ലക്ഷം പേർക്ക് വിതരണം ചെയ്യുന്ന വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവിവാഹിതകളും 50 വയസ്സിനു മുകളിലുള്ളവരുടേയും പെൻഷൻ എന്നീ ക്ഷേമ പെൻഷനുകൾ ഡിസംബർ 2003 വരെ വിതരണം ചെയ്തിട്ടുണ്ട്. ഡിസംബർ 2003-ന് ശേഷമുള്ള പെൻഷൻ വിതരണത്തിനായി 2004-05 സാമ്പത്തിക വർഷത്തേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ മുന്നിലൊന്ന് തുകയായ 18,90,00,000 രൂപ ഇതിനകം അനുവദിക്കാൻ ഓർഡേഴ്സ് കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ 6.25 ലക്ഷം അർഹരായ കർഷകത്തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ ഒക്ടോബർ 2000 വരെയേ നൽകിയിരുന്നുള്ളു. ഇതിന്റെ 21 മാസത്തെ കുടിശ്ശിക സർക്കാർ ഇതിനോടകം വിതരണം ചെയ്തു കഴിഞ്ഞു. കൂടാതെ 1-8-2002 മുതൽ 31-10-2002 വരെയുള്ള കുടിശ്ശിക അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുകൾ ഒരു മാസം വിതരണം ചെയ്യുന്നതിന് ആവശ്യമായി വരുന്ന തുക ഇപ്പോൾ ഇരുപത് കോടി രൂപയാണ്. ഒരു വർഷത്തേയ്ക്ക് 240 കോടി രൂപ വേണം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-3-2004 വരെ വിവിധ പെൻഷനുകൾക്ക് തുക വിതരണം ചെയ്തിട്ടുണ്ട്. കർഷക തൊഴിലാഴി പെൻഷൻ 135 കോടി 47 ലക്ഷം രൂപ, അഗതി പെൻഷൻ 73.78 ലക്ഷം രൂപ, ദേശീയ വാർദ്ധക്യകാല പെൻഷൻ 36 കോടി 20 ലക്ഷം രൂപ, അവിവാഹിതകളും 50 വയസിനു മുകളിൽ പ്രായമുള്ളവരുമായ

LIBRARY ARCHIVES Kerala Legislative Assembly

സ്ത്രീകൾക്കുള്ള പെൻഷൻ 9 കോടി 77 ലക്ഷം രൂപ, വികലാംഗ പെൻഷൻ 46 കോടി 27 ലക്ഷം രൂപ. ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്ററർ, ഇതിൽ എ.ഡി.ബി.-യും ലോക ബാങ്കുമൊന്നും ഇല്ല. ആവശ്യമില്ലാതെ വെറുതെ സായ്പന്മാരെ ദിവസവും വിളിച്ചു കൊണ്ടുവരേണ്ട കാര്യമില്ല. വേണമെന്നുവച്ചാൽ പറഞ്ഞു കൊള്ളുക. അവരോട് സ്നേഹവും പ്രേമവുമുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക. അവർക്കതിൽ യാതൊരു പങ്കുമില്ല. ഒരു കാര്യം കൂടി ഞാൻ പറയുകയാണ്. ഓണത്തിനുമുൻപ് ക്ഷേമപെൻഷനുകളുടെ ഒരു ഗഡുകൂടി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : ഈ വർഷം ഇത്തരം ക്ഷേമ പദ്ധതികൾക്കു വേണ്ടി 240 കോടി രൂപ വേണമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് നമ്മുടെ ബഡ്ജറ്റ് സാമ്പത്തിക കാര്യങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ 240 കോടി രൂപ ഈ ബഡ്ജറ്റിന്റെ ഭാഗമായി ഉൾക്കൊള്ളിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണൻ : അതിന് ബാക്കി വന്നിരിക്കുന്നത് കൊടുത്തു തീർക്കുകയും ഇപ്പോൾ അപ്-ടു-ഡേറ്റ് ആക്കിക്കൊണ്ടു വരികയുമാണ്. പാവങ്ങളോട് കരുണ കാണിച്ചുകൊണ്ട് ഇത് അപ്-ടു-ഡേറ്റ് ആക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിന് തീർച്ചയായും പരിഗണന കൊടുക്കുന്നതാണ്.

(2) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായിരുന്നവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ബി. വിജയകുമാർ : സർ, സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായി ദീർഘകാലം സേവനമനുഷ്ഠിച്ച നിരവധി പേർ ഇന്ന് അനാഥരായി കഴിയുകയാണ്. അവർ ഇന്ന് നാടിന്റെ വികസന കാര്യങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നവരുമാണ്. അവരിൽ പലരും പ്രായാധിക്യം കൊണ്ട് ജീവിക്കാൻ തന്നെ ബുദ്ധിമുട്ടുകയാണ്. രോഗം വന്നാൽ ചികിത്സിക്കാൻ പണമില്ലാതെ ധാരാളം മുൻ പഞ്ചായത്ത് മെമ്പർമാർ, ജില്ലാ പഞ്ചായത്ത് മെമ്പർമാർ, കൗൺസിലർമാർ എന്നിവരൊക്കെ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവരിന്ന് സജീവമായി നിൽക്കുന്നവരുമാണ്. അവർക്ക് ജീവിക്കാൻ ഒരു മാർഗ്ഗവുമില്ല. ഈ സംസ്ഥാനത്ത് എല്ലാ വിഭാഗം ആൾക്കാർക്കും ക്ഷേമ പെൻഷനുകളുണ്ട്. പക്ഷേ പഞ്ചായത്ത് മെമ്പർമാരും കൗൺസിലർമാരും ആയിരുന്നവർക്ക് ഒരു വിധ ക്ഷേമപദ്ധതികളോ മറ്റ് ആനുകൂല്യങ്ങളോ ഒന്നും സർക്കാർ ചെയ്യുന്നില്ല. അവർ പ്രവർത്തിച്ചിരുന്ന കാലത്ത് പ്രവർത്തിച്ചു. അത് കഴിയുമ്പോൾ അവർ എങ്ങോട്ടുപോയി എന്നുപോലും സമൂഹം ശ്രദ്ധിക്കാറില്ല. ഇത്തരം ദയനീയ സ്ഥിതിയിലുള്ള മുൻ പഞ്ചായത്ത് മെമ്പർമാരുടേയും,

LIBRARY ARCHIVES Kerala Legislative Assembly